## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 273 — 18.02.2013 -ൽ മറുപടിയ്ക്ക്

### മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്ത് മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 01-02-2013-ലെ സർക്കാർ ഉത്തരവ് (എം. എസ്)46/2013/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) എഫ്. എ. ആർ, കവറേജ്, കെട്ടിടത്തിലേയ്ക്കുള്ള വഴിയുടെ വീതി, ഹൈ റൈസ് കെട്ടിടങ്ങളുടെ നിർമ്മാണം, പെർമിറ്റ് പുതുക്കുന്നതിനുള്ള കാലാവധി, ഫ്ലാറ്റുകളിലെ പാർക്കിംഗ്, യന്ത്രവത്കൃത പാർക്കിംഗ്, കെട്ടിടത്തിന്റെ ഉയരം, വൻകിട വികസന പദ്ധതികൾക്കുള്ള വ്യവസ്ഥകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ദുർബല വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ഇളവുകൾ, സർക്കാർ ഐ. ടി. പാർക്കുകൾക്കുള്ള ഇളവുകൾ, നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള ഇളവുകൾ, ഇ-ഫയലിംഗ്, തുടങ്ങിയ കാര്യങ്ങളിലാണ് പ്രധാനമായും ഭേദഗതികൾ വരുത്തിയിട്ടുള്ളത്. |
| (സി) സംസ്ഥാനത്തെ ജലാശയങ്ങളിലുള്ള ചെറുദ്വീപുകളിലും തുരുത്തുകളിലും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (സി) ഇല്ല. മുൻകാലങ്ങളിൽ റോഡ് ബന്ധമില്ലായിരുന്ന ദ്വീപുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ വ്യവസ്ഥ ഇല്ലായിരുന്നു. എന്നാൽ മേൽപറഞ്ഞ ഭേദഗതി പ്രകാരം ജലാശയങ്ങളിലുള്ള ദ്വീപുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റോഡുമാർഗ്ഗം പോലെ ജലമാർഗ്ഗവും ഒരു അക്സസ് (വഴി) ആയി കണക്കാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ